TB Movie Panel Weekly Review

**#moviepanel**

പടവെട്ട്

എഴുതിയത് : Lijo Rachel George

സമൂഹത്തിലെ ഒരു പ്രത്യേക വിഭാഗം ആളുകളുടെ ഇടയിൽ സംഭവിക്കാൻ സാധ്യതയുള്ള ചില കാര്യങ്ങളുടെ സത്യസന്ധമായ ദൃശ്യാവിഷ്കാരമാണ്,ലിജു കൃഷ്ണയുടെ സംവിധാനത്തിൽ, ഇക്കഴിഞ്ഞ 21നു തിയേറ്ററിൽ എത്തിയ, റിയലിസ്റ്റിക് ചിത്രമായ 'പടവെട്ട്.'വളരെയധികം കാലികപ്രസക്തമായ ഒരു വിഷയമാണ് സിനിമ ചർച്ച ചെയ്യുന്നത്.

സാമൂഹിക പ്രസക്തമായ ഒരു വിഷയത്തെ, തികഞ്ഞ സാമൂഹിക പ്രതിബദ്ധതയോടെ അണിയിച്ചൊരുക്കുകയാണ്, തന്റെ പ്രഥമ സംവിധായക സംരംഭത്തിൽ, സംവിധായകൻ ചെയ്തിരിക്കുന്നത്.വടക്കൻ കേരളത്തിലെ ഒരു വിഭാഗം ആളുകളുടെ കഥയെന്നാണ്, കണ്ണൂരിലും പരിസരത്തുമായി ഷൂട്ട് ചെയ്യപ്പെട്ട ചിത്രത്തെ പറ്റി, ഇതിന്റെ അണിയറ പ്രവർത്തകർ അവകാശപ്പെടുന്നത്.

ചുറ്റുപാടുകളും സാഹചര്യവും കൊണ്ട് മാളങ്ങളിലേയ്ക്ക് ഉൾവലിഞ്ഞു പോയ മനുഷ്യർ, പിന്നീട് പ്രതിസന്ധികളോടും പ്രതിബന്ധങ്ങളോടും പടവെട്ടി ഉയർന്നു വിജയിച്ചു വരുന്നതാണ് ചിത്രത്തിന്റെ ഇതിവൃത്തം.റിയലിസത്തിനും രാഷ്ട്രീയത്തിനുമൊപ്പം ചെറിയ രീതിയിൽ മാസ്സും ചേരുന്ന, ഈ സിനിമയുടെ കഥയും തിരക്കഥയും ലിജുവിന്റേത് തന്നെയാണ്.

സിനിമ പ്രതിപാദിക്കുന്ന വിഷയം,ഗൗരവസ്വഭാവമുള്ളതായിട്ടു കൂടിയും, ഒന്ന് തെറ്റിയാൽ കയ്യിൽ നിന്നും വഴുതി പോകുമായിരുന്ന കഥയെ, ഒട്ടും ലാഗ് തോന്നിക്കാതെയും പ്രേക്ഷകരെ മടുപ്പിക്കാതെയും, നല്ലൊരു എൻഗേജിങ് റിയലിസ്റ്റിക്-പൊളിറ്റിക്കൽ ത്രില്ലർ മൂവിയായി മെനഞ്ഞെടുക്കുന്നതിൽ, തന്റെ പ്രഥമ സംവിധായക സംരഭത്തിൽ തന്നെ, സംവിധായകൻ വിജയിച്ചു എന്ന് പറയാവുന്നതാണ്. പടം അവസാനിക്കുമ്പോഴും ഇത് തീരേണ്ടിയിരുന്നില്ല എന്നൊരു ഫീലാണ് ഈ സിനിമ പ്രേക്ഷകർക്ക് നല്കുന്നത്.അതുപോലെ തന്നെ ഒരു പഞ്ച് ക്ലൈമാക്സിൽ അവസാനിക്കുന്നുവെന്നതും സിനിമയുടെ മേക്കിങ്ങിലെ പ്രത്യേകതയാണ്.

റൊമാന്റിക് നായകനായി തിളങ്ങിയ നിവിൻ പോളി ഒരു നീണ്ട ഇടവേളക്ക് ശേഷം തിരിച്ചെത്തുന്ന ചിത്രം കൂടിയാണ് 'പടവെട്ട്'. റൊമാന്റിക് ഹീറോ എന്ന നിലയിൽ നിന്നും പക്വതയും

കാര്യബോധവുമുള്ള ഒരു യുവാവ് എന്ന നിലയിലേക്കുള്ള നിവിൻ പൊളിയുടെ ട്രാൻസിഷൻ വളരെ മനോഹരമായിട്ടുണ്ട്.

നിവിൻ പോളി,രമ്യ സുരേഷ്, ഷമ്മി തിലകൻ, ഇന്ദ്രൻസ്, സുധീഷ്,ഷൈൻ ടോം ചാക്കോ, വിജയരാഘവൻ, അദിതി ബാലൻ, സണ്ണി വെയ്ൻ തുടങ്ങിയവരാണ് ചിത്രത്തിലെ പ്രധാന അഭിനേതാക്കൾ. അഭിനയിച്ച മിക്കവാറും എല്ലാവരുടെയും പ്രകടനം ഗംഭീരമായിരുന്നുവെങ്കിലും നിവിൻ പോളി, രമ്യ സുരേഷ്, ഷമ്മി തിലകൻ, ഷൈൻ ടോം ചാക്കോ, തുടങ്ങിയവർ അവരവരുടെ റോളുകൾ മികച്ചതാക്കി എന്നത് എടുത്തു പറയേണ്ടതാണ്.

കഥയുടെ പശ്ചാത്തലത്തിനോട് ചേർന്ന് നില്ക്കുന്നതാണ് ഗോവിന്ദ് വസന്തയുടെ മനോഹരമായ ബിജിഎമ്മും സംഗീതവും, അതോടൊപ്പം, കഥതന്തുവിനോട് ചേർന്ന് നില്ക്കുന്ന വരികളും സിനിമയുടെ മാറ്റു കൂട്ടുന്നു.
കഥയ്ക്കും സംവിധാനത്തിനും അഭിനയത്തിനുമൊപ്പം നയനാനന്ദകരമായ പ്രകൃതി ദൃശ്യങ്ങളും മനോഹരമായ ക്യാമറ കാഴ്ചകളും കൂടി ഈ ചലച്ചിത്രം പ്രേക്ഷകർക്ക് നല്കുന്നു.

ദീപക് ഡി മേനോൻ ഛായാഗ്രഹണവും ഷാഫിക് മുഹമ്മദ് അലി എഡിറ്റിംഗും നിർവഹിച്ച ഈ ചിത്രം നിർമിച്ചിരിക്കുന്നത്,യൂഡ്ലീ ഫിലിംസിന്റെയും സണ്ണി വെയ്ൻ പ്രോഡക്ഷൻസിന്റെയും ബാനറിൽ, വിക്രം മെഹ്ർ, സിദ്ധാർഥ് ആനന്ദ് കുമാർ,സണ്ണി വെയ്ൻ എന്നിവർ ചേർന്നാണ്. ചിത്രത്തിന്റെ വിതരണം സെഞ്ചുറി റിലീസ് ആണ്.

ശത്രുവിന്റെ ശത്രു മിത്രം എന്ന് പറയുമ്പോലെ, ബലവാനായ ഒരു ആക്രമിയെ അയൽക്കാരനു നേരിടേണ്ടി വരുമ്പോൾ, ശത്രുതയൊക്കെ മറന്നു, അയാളെ സഹായിക്കാൻ മുതിരുന്ന സാധാരണക്കാരന്റെ മനസ്സും സിനിമയിൽ നമ്മൾക്ക് കാണാം.

സംവിധായകന്റെ നാടായ കണ്ണൂരിലെ മാലൂർ എന്ന ഗ്രാമത്തിലാണ് ഈ സിനിമയുടെ ഭൂരിഭാഗവും ചിത്രീകരിച്ചിട്ടുള്ളത്. ഇതിന്റെ ഭാഗമായി അവിടുത്തെ നാട്ടുകാർക്ക് രണ്ടു മാസത്തെ ക്രാഷ് കോഴ്സും ഉണ്ടായിരുന്നുവെന്നത് സിനിമ പകരുന്ന മറ്റൊരു കൗതുകം.അതുപോലെ തന്നെ സിനിമയുടെ ട്രെയില ർ റിലീസ്,2022 ഒക്ടോബർ 7 നു, കൊച്ചിയിലെ നെഹ്റു സ്റ്റേഡിയത്തിൽ ISL ഓപ്പണിങ് മത്സരത്തിന്റെ തൊട്ടു മുൻപ്, മഞ്ഞപ്പടയുടെ തൊട്ടു മുൻപിൽ വെച്ചാണ് നടന്നത് എന്നതും കൗതുകകരം തന്നെ.